ശ്രീ. നാലകത്ത് സൂപ്പി : സർ, ഹയർ സെക്കന്ററിയും വൊക്കേഷണൽ ഹയർ സെക്കന്ററിയുമായി ബന്ധപ്പെട്ട് 7 റീജിയണൽ ഓഫീസുകളിലും ഡെപ്യൂട്ടി ഡയറക്ടർമാരുമുണ്ട്. ബാക്കി വരാവുന്ന ജില്ലകളിൽ ഹയർ സെക്കന്ററി ഓഫീസുകളുണ്ടാക്കി റീജിയണൽ ഓഫീസുകളുമായി ബന്ധപ്പെടുത്തണമെന്നാണ് ഇപ്പോൾ മുന്നോട്ടു വച്ചിട്ടുള്ള നിർദ്ദേശം.

അദ്ധ്യാപകരുടെ സംഘടനാ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിന് നടപടി

4 (*503) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ഡോ. തോമസ് ഐസക് :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അദ്ധ്യാപക സംഘടനകളുടെ പ്രവർത്തനം നിരോധിക്കുന്നതിന് സ്വകാര്യ കോളേജ് മാനേജ്മെന്റ് ശ്രമിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അദ്ധ്യാപകരുടെ സംഘടനാ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും ജീവനക്കാരുടേയും സംഘടനാസ്വാതന്ത്ര്യം നിഷേധിക്കുന്നതിന് സ്വകാര്യ മാനേജ്മെന്റുകൾ എടുക്കുന്ന നടപടികൾ വിദ്യാഭ്യാസരംഗത്തെ കലുഷിതമാക്കാതിരിക്കാൻ സർക്കാർ അടിയന്തിരമായി ഇടപെട്ട് നടപടികൾ സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) കോളേജ് ക്യാമ്പസിൽ വിദ്യാർത്ഥികളുടെ രാഷ്ട്രീയ പ്രവർത്തനം നിയന്ത്രിക്കുന്നത് സംബന്ധിച്ച് ഒരു വിധി അടുത്ത കാലത്ത് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിക്കുകയുണ്ടായി. ഈ വിധിക്കെതിരെ വിദ്യാർത്ഥി സംഘടനകൾ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയും അത് കോടതിയുടെ പരിഗണനയിലിരിക്കുകയുമാണ്.

ശ്രീ. ടി. കെ. ബാലൻ : സർ, മാന്നാനം കെ.ഇ. കോളേജിൽ വിദ്യാർത്ഥികളുടെ സംഘടനാ സ്വാതന്ത്ര്യം മാത്രമല്ല അവിടത്തെ ടീച്ചിംഗ് സ്റ്റാഫ് അവിടെ ധർണ്ണ നടത്താൻ വേണ്ടി ഒരു പന്തൽ ഉയർത്തിയപ്പോൾ അവിടെ ലോഹയിട്ട മാനേജുമെന്റിന്റെ അച്ചൻമാർ വന്ന് ആ പന്തൽ പൊളിക്കുകയും വളരെ സംഘർഷാവസ്ഥ ഉണ്ടാക്കുകയും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി : സർ, കോടതി വിധി വന്നതിനുശേഷം ചില മാനേജുമെന്റുകൾ ക്യാംപസിനകത്ത് ഇതുപോലുള്ള പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് തുടങ്ങിയിട്ടുണ്ട്. ആ നടപടികൾ അനിയന്ത്രിതമാണോ അംഗീകരിക്കുന്നതാണോ എന്നതിനെ സംബന്ധിച്ചിടത്തോളം തർക്കങ്ങൾ നിലനിൽക്കുകയാണ്. ഏതായാലും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ വിദ്യാർത്ഥികളുടെ പരാതികൾ ഉള്ളതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ വിശദമായി ഒന്നും പറയുന്നില്ല.

ശ്രീ. ടി. കെ. ബാലൻ : സർ, ഇതേ കോളേജിന്റെ മുൻപിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും രണ്ട് ദിവസത്തേയ്ക്ക് പരിപാടി പ്രഖ്യാപിച്ചു കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ പൊതുസ്ഥലം കയ്യേറി കോളേജ് അധികൃതർ അവിടെ ഇരുമ്പ് ഗേറ്റ് സ്ഥാപിച്ചതുമൂലം അവിടെ ചുറ്റും താമസിക്കുന്ന വീട്ടുകാർക്ക് ശുദ്ധജലം എടുക്കാൻപോലും തടസ്സം നേരിട്ടത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇത്തരത്തിലുള്ള തെറ്റായ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും എതിരെ ശിക്ഷണ നടപടികളെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം ഗവൺമെന്റ് പരിശോധിക്കും. അതിനുള്ള അവകാശങ്ങളൊന്നും കോടതി വിധിമൂലം അവർക്ക് ഏൽപ്പിക്കപ്പെട്ടിട്ടില്ല.

ശ്രീ. തോമസ് ചാഴികാടൻ : സർ, മാന്നാനം കെ. ഇ. കോളേജ് എന്റെ നിയോജക മണ്ഡലത്തിലാണ്. അവിടെ ഏതാണ്ട് നൂറിലധികം അദ്ധ്യാപകരുള്ളതിൽ ഏഴ് പേർ മാത്രമേ സമരത്തിലുള്ളൂ. മാന്നാനം കോളേജ് മാനേജുമെന്റിന്റെ സ്ഥലത്തുകൊണ്ടു പോയി പന്തൽ കെട്ടിയപ്പോൾ അത് കെട്ടരുതെന്ന് നോട്ടീസ് കൊടുത്തു. അദ്ധ്യാപകർ അറ്റന്റൻസ് രജിസ്റ്ററിൽ ഒപ്പിടാതെ അവധിയെടുത്തു പോയപ്പോൾ അവർക്ക് മെമ്മോ കൊടുത്തു. അവരുടെ പേരിൽ നടപടിയെടുക്കുമെന്ന് പറഞ്ഞ് മാനേജുമെന്റ് നോട്ടീസ് കൊടുത്തപ്പോൾ സമരം പ്രഖ്യാപിച്ച അദ്ധ്യാപകർ അവിടെ ധർണ്ണയിരിക്കാൻ ചെന്നു. ധർണ്ണയിരിക്കാൻ ചെന്നതു തന്നെ മാനേജുമെന്റ് കരമടയ്ക്കുന്ന സ്വകാര്യ ഭൂമിയിലാണ്. അങ്ങനെയുള്ള നടപടികളാണ് അവിടെ നടക്കുന്നത് എന്ന കാര്യം സർക്കാർ ശ്രദ്ധിക്കുമോ ?

ശ്രീ. നാലകത്ത് സൂപ്പി : അവിടെ എന്താണ് സംഭവിച്ചത് എന്നുള്ളതിനെ സംബന്ധിച്ച് പരിശോധിക്കാം.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, അദ്ധ്യാപകരുടെ രാഷ്ട്രീയം നിരോധിക്കലും വിദ്യാർത്ഥികളുടെ രാഷ്ട്രീയം നിരോധിക്കലും വന്നിരിക്കുന്ന ഒരു പശ്ചാത്തലം ശ്രദ്ധിക്കണം. പുഷ്പഗിരി കോളേജ് മാനേജുമെന്റിന്റെ തീരുമാനം തന്നെ സർക്കാരിന്റെ തീരുമാനം അംഗീകരിക്കില്ല, ഫീസ് അംഗീകരിക്കില്ല എന്നതാണ്. ബഹുമാനപ്പെട്ട സ്പീക്കറേയും പ്രതിപക്ഷ നേതാവിനെപ്പോലും അവർ പിടിച്ചിരിക്കുകയാണ്. ഇന്ന് ഈ മാനേജുമെന്റിന്റെ സ്വഭാവവും വിദ്യാർത്ഥി രാഷ്ട്രീയവും അദ്ധ്യാപക രാഷ്ട്രീയം നിരോധിക്കലും തമ്മിൽ ഒരു ഗൂഢാലോചനയുണ്ട് എന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. നാലകത്ത് സൂപ്പി : ഗൂഢാലോചനയെക്കുറിച്ച് ഗവൺമെന്റിന് അറിയില്ല. പക്ഷേ വിദ്യാർത്ഥി രാഷ്ട്രീയം പൂർണ്ണമായി നിയന്ത്രിക്കുക എന്ന കാര്യത്തിൽ ഗവൺമെന്റിന് യോജിപ്പില്ല എന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ടൗൺഷിപ്പുകൾ നിർമ്മിക്കുന്നതിന് നടപടി

5(*504) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. സുജനപാൽ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എ. കെ. മണി :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ ടൗൺഷിപ്പുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ എവിടെയെല്ലാം ;

(സി) ടൗൺഷിപ്പുകൾ നിർമ്മിക്കുന്നതിന് ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) ഇവ നിർമ്മിക്കുന്നതിന് എന്ത് ചെലവുണ്ടാകുമെന്ന് കരുതുന്നു ;

(ഇ) ഈ തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ,

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) തിരുവനന്തപുരത്ത് ആക്കുളത്തും കൊച്ചിയിൽ മറൈൻഡ്രൈവിന് സമീപത്തും ടൗൺഷിപ്പുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

(സി) ആക്കുളം ടൗൺഷിപ്പ് പദ്ധതിയുടെ സർവ്വേ ജോലികളും, ലേ ഔട്ടും പ്ലാനുകളും തയ്യാറാക്കലും പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് അംഗീകരിക്കുന്നത് സർക്കാർ പരിഗണനയിലാണ്. ആക്കുളത്ത് 35.46 ഏക്കർ സർക്കാർ വക ഭൂമി ഭവന നിർമ്മാണ ബോർഡിന് മുൻകൂർ കൈവശാവകാശം നൽകിയിട്ടുള്ളതിന്റെ അസ്സൈൻമെന്റ് നടപടികൾ പൂർത്തിയായിവരുന്നു. കൊച്ചി മറൈൻഡ്രൈവിന് സമീപത്ത് എക്കോ ടൗൺഷിപ്പിന് 22 ഏക്കർ സർക്കാർ വക ഭൂമി ബോർഡിന് അസ്സൈൻ ചെയ്ത് നൽകിയിട്ടുണ്ട്. സർവ്വേ ജോലികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly